ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.04.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാജ്യത്ത് മൂന്നാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. നാലാം ഘട്ട തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും.

   **The campaign for the third phase of Lok Sabha elections is going on energized in the country. The deadline for withdrawing nomination papers for the fourth phase of elections ends tomorrow.**

2. ആന്ധ്രാപ്രദേശ്, ബിഹാർ, തെലങ്കാന സംസ്ഥാനങ്ങളിൽ ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായി.

   **Scrutiny of nomination papers for Lok Sabha elections in Andhra Pradesh, Bihar and Telangana states has been completed.**

3. ലോക്സഭാ തിരഞ്ഞെടുപ്പിലേക്കുള്ള അടുത്ത ഘട്ട സ്ഥാനാർഥി പട്ടിക രണ്ടു ദിവസത്തിനകം പുറത്തിറക്കുമെന്ന് കോൺഗ്രസ്. ഒഡീഷ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള സ്ഥാനാർത്ഥി പട്ടിക ബിജെപി പുറത്തുവിട്ടു.

   **The Congress will release the next phase candidate list for the Lok Sabha elections within two days. BJP has released the list of candidates for the Odisha assembly elections.**

4. രാജ്യത്തിന്റെ തെക്ക്, കിഴക്കൻ മേഖലകളിൽ കടുത്ത ഉഷ്ണതരംഗത്തിന് സാധ്യതയെന്ന് മുന്നറിയിപ്പ്. കേരളത്തിൽ കനത്ത ചൂട് തുടരുന്നു.

   **Warning of severe heat wave in the southern and eastern regions of the country. Heavy heat continues in Kerala.**

5. ഐ പി എലിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെയും, ചെന്നൈ സൂപ്പർ കിംഗ്സ്, സൺറൈസേഴ്സ് ഹൈദരാബാദിനെയും നേരിടും. ഐ എസ് എൽ രണ്ടാം പാദ സെമിയിൽ ഇന്ന് ഒഡീഷ- മോഹൻ ബഗാൻ പോരാട്ടം.

**In IPL today, Gujarat Titans will face Royal Challengers Bengaluru, Chennai Super Kings will face Sunrisers Hyderabad. Odisha-Mohun Bagan match in ISL second quarter semi-final today.**

&&&&&&&&&&&&&&&&

## HEAD LINE -1

## CAMPAIGNING – THIRD PHASE

രാജ്യത്ത് മൂന്നാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജിതമായി പുരോഗമിക്കുന്നു. പ്രധാന രാഷ്ട്രീയ പാർട്ടികളുടെ മുതിർന്ന നേതാക്കൾ പ്രചാരണ രംഗത്ത് സജീവമാണ്.
10 സംസ്ഥാനങ്ങളിലേയും രണ്ട് കേന്ദ്രഭരണ പ്രദേശത്തെയും 95 പാർലമെൻറ് സീറ്റുകളിൽ അടുത്തമാസം ഏഴിനാണ് മൂന്നാം ഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുക. 1,351 സ്ഥാനാർത്ഥികളാണ് മൂന്നാംഘട്ടത്തിൽ ജനവിധി തേടുന്നത്. മഹാരാഷ്ട്രയിലെ 11 സീറ്റുകളിലും ഗുജറാത്തിലെ മുഴുവൻ സീറ്റുകളിലും മൂന്നാംഘട്ടത്തിലാണ് തിരഞ്ഞെടുപ്പ്. കർണാടകയിലെ 14 ഉം ഉത്തർപ്രദേശിലെ 10 ഉം മധ്യപ്രദേശിലെ എട്ടും ഛത്തീസ്ഗഢിലെ ഏഴും ബിഹാറിലെ നാലും അസം, പശ്ചിമബംഗാൾ സംസ്ഥാനങ്ങളിലെ നാലു വീതം മണ്ഡലങ്ങളിലും ജമ്മുകശ്മീരിലെ ഒന്നും ദാദ്ര നഗർ ഹവേലി ദാമൻ ദ്യുവിലെ രണ്ടും മണ്ഡലങ്ങളും മൂന്നാംഘട്ടത്തിൽ ജനവിധി തേടും.

&&&&&&&&&&&&&&&&

## 4th 5th PHASE ELECTION

രാജ്യത്ത് നാലാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകൾ തിങ്കളാഴ്ച വരെ പിൻവലിക്കാം. അടുത്ത മാസം 13 നാണ് നാലാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്.അഞ്ചാം ഘട്ടത്തിലേക്ക് അടുത്ത മാസം മൂന്ന് വരെ പത്രിക സമർപ്പിക്കാം . മെയ് 20 നാണ് വോട്ടെടുപ്പ്. ആറാം ഘട്ട തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം തിരഞ്ഞെടുപ്പ് കമ്മീഷൻ തിങ്കളാഴ്ച

പുറപ്പെടുവിക്കും. മെയ് 25 നാണ് ആറാം ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുക.

&&&&&&&&&&&&&&&&

## HEAD LINE -2

## SCRUTINY – AP + BIHAR + TELANGANA – INTRO

ലോക്സഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ആന്ധ്രാപ്രദേശ്, ബിഹാർ, തെലങ്കാന സംസ്ഥാനങ്ങളിൽ നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായി. നാലാം ഘട്ടത്തിൽ അടുത്ത മാസം 13 നാണ് വോട്ടെടുപ്പ്.

വിശദാംശങ്ങളിലേക്ക്..... (വോയിസ്)

## SCRUTINY – AP + BIHAR + TELANGANA (VOICE)

ആന്ധ്രാപ്രദേശിൽ മത്സരചിത്രം തെളിഞ്ഞപ്പോൾ 503 പേരാണ് മത്സരരംഗത്തുള്ളത്. ആകെ ലഭിച്ച 2,705 നാമനിർദേശ പത്രികകളിൽ 183 എണ്ണം തള്ളി. 25 ലോക്സഭാ മണ്ഡലങ്ങളിലേക്ക് 686 പത്രികകളും 175 നിയമസഭാ മണ്ഡലങ്ങളിലേക്ക് 3,644 പത്രികകളും ലഭിച്ചു. എറ്റവും കൂടുതൽ പേർ മത്സരിക്കുന്നത് നാന്ദിയാല മണ്ഡലത്തിലാണ്. 12 സ്ഥാനാർത്ഥികൾ ജനവിധി തേടുന്ന രാജമുദ്രിയിലാണ് ഏറ്റവും കുറവ്. ആന്ധ്രാപ്രദേശിൽ ലോകസഭാ തിരഞ്ഞെടുപ്പിനോപ്പം നിയമസഭാ മണ്ഡലങ്ങളിലേക്കും വോട്ടെടുപ്പ് നടക്കുന്നത് മെയ് 13 നാണ്. ബിഹാറിൽ നാലാം ഘട്ടത്തിൽ 56 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്. 5 മണ്ഡലങ്ങളിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ 84 പേർ പത്രിക സമർപ്പിച്ചപ്പോൾ 28 എണ്ണം തള്ളി. തെലങ്കാനയിൽ 17 ലോക്സഭാ മണ്ഡലങ്ങളിൽ അന്തിമ മത്സരചിത്രം തെളിഞ്ഞപ്പോൾ മത്സരരംഗത്തുള്ളത് 625 സ്ഥാനാർത്ഥികളാണ്. വിവിധ കാരണങ്ങളാൽ 268 പത്രികകൾ തള്ളി.

**ന്യൂസ് ഡെസ്ക്, ആകാശവാണി.....**

&&&&&&&&&&&&&&&&

## PM– GOA– RALLY

ഏക് ഭാരത് ശ്രേഷ്ഠ ഭാരതത്തിന്റെ അതുല്യ മാതൃകയാണ് ഗോവയെന്ന് പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി. വരും വർഷങ്ങളിൽ സർക്കാർ 3 കോടി വീടുകൾ നിർമിക്കുമെന്നും എല്ലാ വീടുകളിലേക്കും ഗ്യാസ് കണക്ഷനുകൾ

നൽകുമെന്നും അദ്ദേഹം പറഞ്ഞു.
ഗോവയിലെ വാസ്കോയിൽ നടന്ന പൊതുയോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഗോവയിലെ രണ്ട് ലോക്സഭാ സീറ്റുകളിലേക്കുള്ള വോട്ടെടുപ്പ് മെയ് 7 ന് നടക്കും.

&&&&&&&&&&&&&&&&

## AMIT SHAH – PRIYANKA –RALLY

ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിൻറെ

ഭാഗമായി കേന്ദ്രമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ അമിത് ഷായും കോൺഗ്രസ് നേതാവ് പ്രിയങ്കാഗാന്ധിയും ഗുജറാത്തിലെ വിവിധയിടങ്ങളിൽ തെരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുത്തു. ബിജെപി ഭരണത്തിൽ എത്തിയാൽ ഏകീകൃത സിവിൽ കോഡ് നടപ്പാക്കുമെന്ന് പഞ്ച്മഹലിൽ നടന്ന റാലിയെ അഭിസംബോധന ചെയ്തുകൊണ്ട് അമിത്ഷാ

പറഞ്ഞു. പോർബന്തർ, ബറൂച്ച് എന്നിവിടങ്ങളിലെ തിരഞ്ഞെടുപ്പ് റാലികളിൽ ശ്രീ അമിത്ഷാ പങ്കെടുത്തു. അതേസമയം, കഴിഞ്ഞ 10 വർഷമായി ബിജെപി സർക്കാർ പാവപ്പെട്ടവരോടും ആദിവാസികളോടും അനീതി കാണിക്കുകയാണെന്ന് കോൺഗ്രസ് ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി ആരോപിച്ചു. വൽസാദ് ജില്ലയിലെ ധരംപൂരിൽ ഒരു റാലിയിൽ പങ്കെടുക്കവെയാണ് പ്രിയങ്കാഗാന്ധിയുടെ പ്രതികരണം.

&&&&&&&&&&&&&&&&

## HEAD LINE -3

## CONGRESS LS CANDIDATES LIST

ഉത്തർപ്രദേശിലെ അവശേഷിക്കുന്ന സീറ്റുകളിലുൾപ്പെടെ ലോക്സഭാ തിരഞ്ഞെടുപ്പിലേക്കുള്ള കോൺഗ്രസിന്റെ സ്ഥാനാർഥി പട്ടിക രണ്ടു ദിവസത്തിനകം പുറത്തിറക്കുമെന്ന് പാർട്ടി ജനറൽ സെക്രട്ടറി കെസി വേണുഗോപാൽ അറിയിച്ചു.
ഉത്തർപ്രദേശിലെ റായ്ബറേലി, അമേഠി എന്നിവിടങ്ങളിലെ സ്ഥാനാർത്ഥികളെ കുറിച്ച് ചർച്ച ചെയ്യാൻ കോൺഗ്രസ് ഇന്നലെ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിറ്റി യോഗം ചേർന്നിരുന്നു.

ഇവിടങ്ങളിൽ ഗാന്ധി കുടുംബം മത്സരിക്കണമെന്നാണ് യുപി കോൺഗ്രസ് തെരഞ്ഞെടുപ്പ് കമ്മിറ്റിയോട് ആവശ്യപ്പെട്ടത്. ഇക്കാര്യത്തിൽ അന്തിമതീരുമാനം കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുടേതായിരിക്കുമെന്ന് പാർട്ടിവൃത്തങ്ങൾ അറിയിച്ചു. ഏപ്രിൽ 19 ന് ആരംഭിച്ച ഏഴ് ഘട്ടങ്ങളിലായി നടക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇതുവരെ, 308 സ്ഥാനാർത്ഥികളെ കോൺഗ്രസ് പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&

## BJP LIST

മുംബൈ നോർത്ത് സെൻട്രൽ ലോക്സഭാ മണ്ഡലത്തിലെ ബിജെപി സ്ഥാനാർത്ഥിയായി മുതിർന്ന അഭിഭാഷകൻ ഉജ്ജ്വൽ നികം മത്സരിക്കും. ബിജെപിയുടെ പൂനം മഹാജനാണ് നിലവിൽ മണ്ഡല ത്തിൽ എം പി. അതിനിടെ ഒഡീഷ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള എട്ട് സ്ഥാനാർത്ഥികളുടെ പട്ടികയും ബിജെപി പുറത്തുവിട്ടു.

&&&&&&&&&&&&&&&&

## GUJARAT CAMPAIGNING

ഗുജറാത്തിൽ ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി തുടരുന്നു. കേന്ദ്ര മന്ത്രിയും മുതിർന്ന ബി ജെ പി നേതാവുമായ രാജ്നാഥ് സിങ് ഇന്ന് വിവിധ തിരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുക്കും. മുതിർന്ന നേതാവ് അഭിഷേക് മനു സിങ്‌വി കോൺഗ്രസിനായ് പ്രചാരണത്തിനിറങ്ങും. രാഹുൽ ഗാന്ധി നാളെ പട്നയിൽ നടക്കുന്ന തിരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&

## HEAD LINE -4

## IMD HEAT WAVE

രാജ്യത്തിൻ്റെ തെക്ക്, കിഴക്കൻ, മേഖലകളിൽ അടുത്ത അഞ്ചു ദിവസം കടുത്ത ഉഷ്ണതരംഗത്തിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഒഡീഷയിലും ,പശ്ചിമ ബംഗാളിലും കനത്ത ചൂട് അനുഭവപ്പെടുന്നതിനാൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. ബിഹാർ, ജാർഖണ്ഡ്, തെലങ്കാന, രായലസീമ, കർണാടക, തമിഴ്നാട്, കിഴക്കൻ ഉത്തർപ്രദേശ്, മാഹി, കൊങ്കൺ, പശ്ചിമ ഉത്തർപ്രദേശ്, തീരദേശ ആന്ധ്രാപ്രദേശ്, യാനം എന്നിവിടങ്ങളിൽ

ചൊവ്വാഴ്ച വരെ ഉഷ്ണ തരംഗത്തിന് സാധ്യതയുണ്ട്. അതേസമയം, വരും ദിവസങ്ങളിൽ ഇന്ത്യയുടെ വടക്കുകിഴക്കൻ മേഖലകളിൽ കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&

## KERALA – HEATWAVE

കേരളത്തിൽ കനത്ത ചൂട് തുടരുന്നു. കൊല്ലം, പാലക്കാട്, തൃശൂർ ജില്ലകളിൽ ഇന്നും ഉഷ്ണതരംഗത്തിന് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ് അറിയിച്ചു. കൊല്ലം, തൃശൂർ ജില്ലകളിൽ 40 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരുമെന്നാണ് മുന്നറിയിപ്പ്. കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ട്.

&&&&&&&&&&&&&&&&

## HEAD LINE -5

## IPL CRICKET

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് 3.30ന് അഹമ്മദാബാദിൽ നടക്കുന്ന മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസ് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും. ഇന്നത്തെ മറ്റൊരു മത്സരത്തിൽ ചെന്നൈ സൂപ്പർ കിംഗ്സും സൺറൈസേഴ്സ് ഹൈദരാബാദും തമ്മിൽ ഏറ്റുമുട്ടും. രാത്രി 7.30 ന് ചെന്നൈയിലാണ് മത്സരം. ഇന്നലെ നടന്ന മത്സരങ്ങളിൽ രാജസ്ഥാൻ റോയൽസ് ലഖ്നൗ സൂപ്പർ ജയൻ്റ്സിനെയും ഡൽഹി ക്യാപിറ്റൽസ് മുംബൈ ഇന്ത്യൻസിനെയും പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&

## ISL

ഐഎസ്എൽ ഫുട്ബോൾ 2023-24 സീസണിൻറെ ആദ്യ ഫൈനലിസ്റ്റുകളെ ഇന്നറിയാം. രണ്ടാംപാദ സെമി ഫൈനലിൽ ഇന്ന് മോഹൻ ബഗാൻ സൂപ്പർ ജയൻറ്സും ഒഡീഷ എഫ്സിയും ഏറ്റുമുട്ടും. രാത്രി 7.30ന് കോൽക്കത്ത സോൾട്ട് ലേക്ക് സ്റ്റേഡിയത്തിലാണ് മത്സരം. ആദ്യപാദ സെമിയിൽ ഒഡീഷ, മോഹൻ ബഗാനെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക്

പരാജയപ്പെടുത്തിയിരുന്നു. നാളെ നടക്കുന്ന രണ്ടാം പാദസെമയിൽ മുംബൈ ഗോവയെ നേരിടും.

&&&&&&&&&&&&&&&&

## CRPF OPERATION - MANIPUR

മണിപ്പൂരിൽ സി ആർ പി എഫും പോലീസും സംയുക്തമായി നടത്തിയ തിരച്ചിലിൽ നിരവധി ആയുധങ്ങൾ കണ്ടെടുത്തു. ബിഷ്ണുപൂരിലെ നാരൻസെയ്ന ഗ്രാമത്തിലായിരുന്നു തിരച്ചിൽ. സി ആർ പി എഫ് സംഘത്തിന് നേരെ നടന്ന ആക്രമത്തിന് പിന്നാലെയാണ് തിരച്ചിൽ നടത്തിയത്. സുരക്ഷാ സേനയ്ക്ക് നേരെ നടന്ന ആക്രമണത്തിൽ മുഖ്യമന്ത്രി എൻ.ബിരേൻ സിങ് അപലപിച്ചു. മലയോര മേഖലയിലെ മൂന്ന് ബങ്കറുകൾ സുരക്ഷാ സേന കഴിഞ്ഞ ദിവസം തകർത്തിരുന്നു.

&&&&&&&&&&&&&&&&

## CENTRE – ONION

ആറ് രാജ്യങ്ങളിലേക്ക് 99,000 മെട്രിക് ടൺ ഉള്ളി കയറ്റുമതി ചെയ്യുന്നതിന് കേന്ദ്രം അനുമതി നൽകി. ബംഗ്ലാദേശ്, യുഎഇ, ഭൂട്ടാൻ, ബഹ്റൈൻ, മൗറീഷ്യസ്, ശ്രീലങ്ക ഉൾപ്പെടെയുള്ള രാജ്യങ്ങളിലേക്കാണ് ഉള്ളി കയറ്റുമതി ചെയ്യുന്നത്. പശ്ചിമേഷ്യയിലേക്കും, യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കും രണ്ടായിരം മെട്രിക് ടൺ വെള്ള ഉള്ളി കയറ്റുമതി ചെയ്യുന്നതിനും കേന്ദ്രം അനുമതി നല്കിയിട്ടുണ്ട്. മതിയായ ആഭ്യന്തര ലഭ്യത ഉറപ്പാക്കാൻ കഴിഞ്ഞ ഡിസംബറിൽ ഉള്ളിയുടെ കയറ്റുമതി കേന്ദ്രം നിരോധിച്ചിരുന്നു. വിലസ്ഥിരതാ ഫണ്ടിന് കീഴിൽ ഈ വർഷം മുതൽ ഉള്ളിയുടെ സംഭരണ ലക്ഷ്യം അഞ്ച് ലക്ഷം ടണ്ണായി സ്ഥിരപ്പെടുത്തിയതായും ഉപഭോക്തൃകാര്യ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&

## TRAIN

റെയിൽവേ പാതയിൽ അറ്റകുറ്റപ്പണി നടക്കുന്നതിനാൽ സർവീസുകളിൽ മാറ്റം വരുത്തിയതായി റെയിൽവേ. ചൊവ്വാഴ്ച വൈകീട്ട് 4.55ന് തിരുവനന്തപുരത്തു നിന്ന് പുറപ്പെടുന്ന സിൽചാർ അരോനൈ സൂപ്പർഫാസ്റ്റ് എക്സ്പ്രസ് പൂർണമായും റദ്ദാക്കി.

&&&&&&&&&&&&&&&&

## BLINKEN WARNED CHINA

യുക്രൈനിൽ ആക്രമണം നടത്തുന്നതിന് റഷ്യക്ക് സഹായം നൽകുന്നത് ചൈന അവസാനിപ്പിച്ചില്ലെങ്കിൽ നടപടിയുണ്ടാകുമെന്ന് യു എസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കൻ. ബീജിങ്ങിൽ മാധ്യമങ്ങളോട് സംസാരിക്കവെയാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്.

&&&&&&&&&&&&&&&&

## PELOSI PROTESTERS

ഗാസ വിഷയത്തിൽ ഹമാസ്, ഇസ്രയേൽ നിലപാടുകൾക്കെതിരെ പ്രതിഷേധിക്കാൻ കോളേജ് കാമ്പസുകളിലെ പ്രതിഷേധക്കാരോട് യു എസ് പ്രതിനിധിസഭ മുൻ സ്പീക്കർ നാൻസി പെലോസി. ഗാസയിലെ പലസ്തീൻകാർക്ക് പിന്തുണ പ്രഖ്യാപിച്ച് യു എസിലെ കോളേജ് കാമ്പസുകളിൽ നടക്കുന്ന പ്രതിഷേധങ്ങളിൽ 100 കണക്കിന് പേരെയാണ് അറസ്റ്റ് ചെയ്തത്. ഇസ്രായേലിന്റെ ബോംബാക്രമണം ഒരിക്കലും പൊറുക്കാനാവില്ലെന്നും പെലോസി പറഞ്ഞു.

&&&&&&&&&&&&&

&&&&&&&&&&

&&&&&&&&